നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ .1798

25.03.13-ൽ മറുപടിക്ക്

# യന്ത്രവൽകൃത യാനങ്ങളുടെ എഞ്ചിനുകൾക്കുള്ള ഏകദിന സംയുക്ത പരിശോധന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. കെ. ഗുരുദാസൻ<br>,, എ. പ്രദീപ്കുമാർ<br>,, എ. എം. ആരിഫ്<br>,, എസ്. ശർമ്മ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | പരമ്പരാഗതമായി മത്സ്യബന്ധനത്തിനുപയോഗിക്കുന്ന യന്ത്രവൽകൃത യാനങ്ങളുടെ എഞ്ചിനുകൾ ഏകദിന സംയുക്ത പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എത്ര എഞ്ചിനുകൾ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി; പരിശോധനയിൽ യോഗ്യമായ എഞ്ചിനുകൾ എത്രയായിരുന്നു; അല്ലാത്തവ എത്ര; പരിശോധനയെ തുടർന്ന് ലഭിച്ച പരാതികൾ എത്ര; ഇവയിൽ തീരുമാനം എടുത്തിട്ടുണ്ടോ; | (ബി) | 24516 എഞ്ചിനുകൾ ആകെ സംസ്ഥാനത്തൊട്ടാകെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ഇവയിൽ 22663 എഞ്ചിനുകൾ പെർമിറ്റിന് യോഗ്യമായിരുന്നു. അനുയോജ്യമല്ലാത്തത് 1853 എഞ്ചിനുകളാണ്. എന്നാൽ മണ്ണെണ്ണ പെർമിറ്റ് ലഭിക്കുന്നതിലേക്കായി എഞ്ചിൻ ഹാജരാക്കിയ മുഴുവൻ ഗുണഭോക്താക്കളുടെ ലിസ്റ്റും പരസ്യപ്പെടുത്തി ആക്ഷേപങ്ങൾ സ്വീകരിച്ചു. ആകെ 3396 പരാതികൾ ലഭിച്ചിട്ടുണ്ട്. അന്വേഷണ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ മത്സ്യഫെഡ് വഴി സ്വീകരിച്ചു വരുന്നു. |
| (സി) | യോഗ്യമായ വിവിധ ഇനം എഞ്ചിനുകൾക്ക് ഓരോന്നിനും പ്രതിമാസം എത്ര ലിറ്റർ മണ്ണെണ്ണ ആവശ്യമായി വരും; എത്ര ലിറ്റർ നിരക്കിലാണ് ഇപ്പോൾ മണ്ണെണ്ണ അനുവദിച്ചിരിക്കുന്നത്; | (സി) | മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന യോഗ്യമായ 10 എച്ച്.പി വരെയുള്ള എഞ്ചിനുകൾക്ക് പ്രതിമാസം 750 ലിറ്ററും, 10 മുതൽ 15 എച്ച്.പി വരെയുള്ള എഞ്ചിനുകൾക്ക് 875 ലിറ്ററും 15 എച്ച്.പി ക്ക് മുകളിലുള്ള എഞ്ചിനുകൾക്ക് 1250 ലിറ്ററും മണ്ണെണ്ണ ആവശ്യമായി വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇപ്പോൾ സിവിൽ സപ്ലൈസ് 10 എച്ച്.പി വരെയുള്ള എഞ്ചിനുകൾക്ക് 129 ലിറ്ററും 10 മുതൽ 15 എച്ച്.പി വരെയുള്ള എഞ്ചിനുകൾക്ക് 136 ലിറ്ററും 15 എച്ച്.പിക്ക് മുകളിലുള്ള എഞ്ചിനുകൾക്ക് 180 ലിറ്ററും മണ്ണെണ്ണ അനുവദിച്ച് നൽകുന്നു. |

| | | | |
|---|---|---|---|
| (ഡി) | വിതരണം മത്സ്യഫെഡിനെ ഏല്പിച്ചതിനു ശേഷമുള്ള സ്ഥിതിഗതികൾ പരിശോധിച്ചിട്ടുണ്ടോ; | (ഡി) | മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം മത്സ്യഫെഡിനെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മണ്ണെണ്ണ വിതരണം എപ്രകാരമാണ് മത്സ്യഫെഡ് വഴി നടത്തണമെന്നുള്ളതിനെ സംബന്ധിച്ച് വിവിധ സംഘടനകളുടെ അഭിപ്രായം സർക്കാർ ആരായുകയുണ്ടായി. ആയതിന്റെ വെളിച്ചത്തിൽ മത്സ്യഫെഡ് നേരിട്ട് മണ്ണെണ്ണ ബങ്കുകൾ സ്ഥാപിച്ച് വിതരണം നടത്തണമെന്നുള്ള അഭിപ്രായമാണ് പൊതുവെ ഉയർന്ന് വന്നിട്ടുള്ളത്. ഈ വിഷയം പരിശോധിച്ചു വരികയാണ്. |
| (ഇ) | സബ്സിഡി നിരക്കിൽ കൂടുതൽ മണ്ണെണ്ണ ബോട്ടുകൾക്ക് അനുവദിക്കണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ? | (ഇ) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ